ബഡ്ജറ്റിൽ തുക വക കൊള്ളിച്ചുവരുന്നു. ഇതിനും പുറമേ പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരവും വിവിധ പദ്ധതി പ്രകാരവും തുക അനുവദിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ചില പ്രോജക്ടുകൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നവയായിട്ടുണ്ടെങ്കിലും ഒന്നും തന്നെ നിർജ്ജീവാവസ്ഥയിലല്ല.

(ഡി) 1997-98 മുതൽ സുഗന്ധഗിരി കാർഡമം പ്രോജക്ടിൽ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിലുള്ള കാപ്പി കൃഷി വ്യാപിപ്പിക്കുക, കുരുമുളക് കൃഷിക്ക് പ്രാധാന്യം നൽകുക, റോഡ് സൗകര്യം വർദ്ധിപ്പിക്കുക, പ്രോജക്ടിന് ചുറ്റും കമ്പി വേലിയിടുക, കളവ് തടയാൻ സജ്ജീകരണങ്ങൾ, ശരിയായ മാനേജ്മെന്റ് സൂപ്പർവിഷൻ എന്നിവയാണ് പുനരുദ്ധാരണ പദ്ധതിയിലെ പ്രധാന ഘടകങ്ങൾ. ഈ നടപടികളുടെ ഫലമായി ഈ പദ്ധതി ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. 94-95 ൽ പ്രവർത്തനം നിർത്തിവച്ചിരുന്ന പൂക്കോട് ഡയറി പ്രോജക്ട് പ്രവർത്തനം പുനരാരംഭിച്ചു. 1996-97-മുതൽ ബഡ്ജറ്റിൽ കൂടുതൽ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഫാമിന്റെ പുനരുദ്ധാരണ പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. പുതിയ കറവമാടുകളെ വാങ്ങിയും കാപ്പികൃഷി വികസിപ്പിച്ചും ഈ പദ്ധതിയും പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. അട്ടപ്പാടി ഫാമിംഗ് സൊസൈറ്റിയുടെ പ്രവർത്തനം വളരെ മെച്ചപ്പെടുകയുണ്ടായി. ഈ പ്രോജക്ട് ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(ഇ) കഴിഞ്ഞിട്ടുണ്ട്. അട്ടപ്പാടി ഫാമിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പ്രിയദർശിനി ടീ എസ്റ്റേറ്റ് എന്നീ പദ്ധതികൾ ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(എഫ്)&(ജി) മിനിമം കൂലി, ഗ്രാറ്റുവിറ്റി എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

10 (*514) പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്ക് വ്യവസായം തുടങ്ങാൻ ആനുകൂല്യങ്ങൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പാലോട് രവി :
ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലും പെട്ടവർക്ക് വ്യവസായം തുടങ്ങുവാൻ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്;

(ബി) അവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിൽ കടയും, കട നടത്താനുള്ള സാമ്പത്തിക സഹായവും നൽകുവാൻ എന്തെല്ലാം പരിപാടികളാണുള്ളതെന്ന് വിശദീകരിക്കുമോ;

(സി) ഈ ഗവൺമെന്റ് പട്ടികജാതി-പട്ടികവർഗ്ഗത്തിപ്പെട്ട എത്ര വ്യവസായ സംരംഭകർക്ക് സാമ്പത്തികവും മറ്റു വിധത്തിലുമുള്ള ആനുകൂല്യങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) വിവരങ്ങൾ അനുബന്ധമായി കൊടുക്കുന്നു.†

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ 10% മുറികൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക്വേണ്ടി നീക്കി വയ്ക്കേണ്ടതാണെന്നും അങ്ങനെ അനുവദിക്കുന്ന മുറികൾക്ക് മുൻകൂർ വാടക, ഡെപ്പോസിറ്റ് എന്നീ ഏതെങ്കിലും ഇനങ്ങളിൽ തുക ഒടുക്കേണ്ടതായിട്ടുണ്ടെങ്കിൽ ആ തുക മുറിയുടെ മാസവാടകയുടെ മൂന്നിരട്ടിയിൽ കവിയാൻ പാടുള്ളതല്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(സി) പട്ടികജാതി വികസന വകുപ്പിൻ കീഴിൽ കുടിൽ വ്യവസായ ശൃംഖല പദ്ധതിയിൽ 85 യൂണിറ്റുകൾക്ക് 23.50 ലക്ഷം രൂപയും പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ചെറുകിട വ്യവസായമോ വ്യാപാരമോ നടത്തുന്നതിന് 10,000 രൂപ വരെ പലിശ രഹിത വായ്പ നൽകുന്ന പദ്ധതിയിൽ 80 പേർക്ക് വായ്പ നൽകി. പലിശ രഹിത വ്യവസായ വായ്പയായി 13 പട്ടിക ജാതിക്കാർക്ക് 1,54,000 രൂപ നൽകിയിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടത്തുന്ന പ്രത്യേക ഘടക പദ്ധതി പ്രകാരം പട്ടിക ജാതിയിൽപ്പെട്ട 2620 വ്യക്തികൾക്കും 169 സഹകരണ സംഘങ്ങൾക്കും പട്ടിക വർഗ്ഗത്തിൽപ്പെട്ട 1629 വ്യക്തികൾക്കും 66 സഹകരണ സംഘങ്ങൾക്കും സഹായധനവും പി.എം.ആർ.വൈ. പദ്ധതി പ്രകാരം 1632 പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും സാമ്പത്തിക സഹായം നൽകി. കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട 1786 ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് വ്യവസായ വാണിജ്യ വകുപ്പ് സ്ഥിരം രജിസ്ട്രേഷനും നൽകി. കേരള സംസ്ഥാന പട്ടിക ജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ 66 പേർക്ക് വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ സഹായം നൽകിയിട്ടുണ്ട്.

11 (*515) പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗങ്ങളിലെ പ്രബല വിഭാഗങ്ങളിൽ മാത്രമായി ആനുകൂല്യങ്ങൾ കേന്ദ്രീകരിക്കപ്പെടുന്നുവെന്നും ബഹുഭൂരിപക്ഷങ്ങൾക്കും ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നുവെന്നുമുള്ള ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികജാതി/വർഗ്ഗത്തിലെ എല്ലാ സമാന്തര ജനവിഭാഗങ്ങൾക്കും സാമൂഹ്യനീതിയും അവസര സമത്വവും ഉറപ്പുവരുത്തുവാൻ നടപടി കൈക്കൊള്ളുന്നകാര്യം പരിഗണിക്കുമോ?

പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>) :

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ ഈ വിഭാഗങ്ങളിലെ എല്ലാ സമാന്തര വിഭാഗങ്ങൾക്കും ഒരുപോലെ ലഭിക്കുന്നില്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവിധ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ പുരോഗതിയിലുണ്ടാകുന്ന അസന്തുലിതാവസ്ഥയെപ്പറ്റിയും, അതിനുള്ള പരിഹാര

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

and capacity for independent growth must be given the freedom to act as pioneers in pursuing academic excellence (8.1.1).

24. Though the U.G.C. has suggested that the Senate could be dispensed with, the Commission feels that the Senate has a very positive role to play in the academic world and that it should be continued with its existing powers and functions but with reduced membership (9.6.12).

25. As higher education presents many important problems and subjects, both inter-university and in relation to individual and society for study and research which has not been undertaken in India so far, the Commission suugests that a Centre for Research on Higher Education should be set up under the auspices of all the Universities in the State, but academically independent of them, to study the problems of higher education (9.9.1-6).

26. The commission hopes that the implementation of these recomendations would restore the academic health of the University and direct it towards excellence in learning.

Trivandrum,

3.5.1985 MALCOLM S. ADISESHIAH

അനുബന്ധം - II

[നക്ഷത്രചിഹ്നമിട്ട ചോദ്യം 10 (*514) കാണുക]

വ്യവസായ വാണിജ്യവകുപ്പ് മുഖേന ചെറുകിട വ്യവസായ മേഖലയിൽ പട്ടികജാതിയിൽപ്പെട്ട വ്യവസായ സംരംഭകർക്ക് പ്രത്യേക ഘടക പദ്ധതി പ്രകാരം വ്യവസായ യൂണിറ്റുകളും സ്വയം തൊഴിൽ സംരംഭങ്ങളും തുടങ്ങുന്നതിന് വായ്പയും ഗ്രാന്റും നൽകുന്നു. പട്ടികജാതി സഹകരണ സംഘങ്ങൾക്ക് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഓഹരി മൂലധനം, പ്രവർത്തന മൂലധനം മുതലായവ സർക്കാർ ഓഹരി പങ്കാളിത്തമായി നൽകുന്നു. കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ ഷെയർ എടുക്കുന്നവർക്ക് അവരുടെ ആദ്യത്തെ ഷെയറിന്റെ 90% ഗ്രാന്റായി നൽകുന്നു.

പ്രത്യേക ഘടകപദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യവസായ സംരംഭകർക്ക് വായ്പയിനത്തിൽ പരമാവധി 50,000 രൂപ വരെ അനുവദിക്കുന്നുണ്ട്. സ്ഥിരം മൂലധനത്തിനു വേണ്ടിയുള്ള ദീർഘമായ വായ്പയോ പ്രവർത്തന മൂലധനമായോ അല്ലെങ്കിൽ രണ്ടിനുംകൂടിയോ അനുവദിക്കുന്ന തുക മൊത്തം പദ്ധതിച്ചെലവിന്റെ 95% ൽ അധികരിക്കുവാൻ പാടുള്ളതല്ല. പട്ടികജാതി ഘടക പദ്ധതി പ്രകാരം പതിനായിരം രൂപവരെയുള്ള വായ്പയ്ക്ക് പലിശ ഈടാക്കുന്നതല്ല. 10,000 രൂപയ്ക്കുമേൽ 15,000 രൂപവരെ 1% പലിശയും 15,000 ന് മേലുള്ള വായ്പകൾക്ക് 4% പലിശയും ഈടാക്കുന്നതാണ്. വീഴ്ചവരുത്തുന്ന ഗഡുക്കൾക്ക് 2% പിഴപ്പലിശ ഈടാക്കുന്നതാണ്. അനുവദിക്കുന്ന വായ്പ തുടർച്ചയായ പത്തുവർഷംകൊണ്ട് അവസാനിക്കുന്ന 32 തുല്യ ത്രൈമാന തവണകളായി അടച്ചുതീർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ തൊഴിൽ സംരംഭങ്ങൾക്കായി കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയിൽ (പി.എം.ആർ.വൈ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 221/2% പ്രത്യേക സംവരണം ചെയ്തിട്ടുണ്ട്.

പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ചെറുകിട വ്യവസായമോ വ്യാപാരമോ നടത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 10,000 രൂപ വരെ പലിശരഹിത വായ്പ നൽകുന്നതാണ്.

1. പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികൾ

1. പലിശരഹിത വ്യവസായ വായ്പ പദ്ധതി

വാർഷിക വരുമാനം 12,000 രൂപയിൽ കവിയാത്തവരും പട്ടികജാതിയിൽപ്പെട്ടവരുമായ യുവജന വ്യവസായ സംരംഭകർക്ക് സ്വന്തമായി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ വിപുലപ്പെടുത്തുവാനും പരമാവധി 15,000 രൂപ വരെ പലിശയില്ലാത്ത വായ്പ അനുവദിക്കുന്നുണ്ട്. വായ്പ തുക മൂന്നു ഗഡുക്കളായിട്ടാണ് നൽകുന്നത്. ആദ്യ ഗഡു 40% അഡ്വാൻസായി നൽകുകയും രണ്ടും മൂന്നും ഗഡുക്കൾ (30% വീതം) ഗുണഭോക്താവിന് നൽകിയ തുകയുടെ വിനിയോഗം ഉറപ്പുവരുത്തിയതിനു ശേഷം നൽകുകയും ചെയ്തിരുന്നു. ഇരുപത് അർദ്ധ വാർഷിക ഗഡുക്കളായി ലോൺ തുക ഈടാക്കിവരുന്നു.

2. കുടിൽ വ്യവസായ ശൃംഖലാ പദ്ധതി :

10-നും 45-നും മദ്ധ്യേ പ്രായമുള്ളവരും ഏഴാം ക്ലാസ്സുവരെ പഠനം പൂർത്തിയാക്കിയിട്ടുള്ളവരും ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ധനകാര്യ സ്ഥാപനങ്ങളിലോ വീഴ്ച വരുത്തിയിട്ടില്ലാത്തതും പട്ടികജാതിയിൽപ്പെട്ടവരുമായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുവാൻ പ്രോജക്ടിന്റെ 20% മോ 50,000 മോ (ഗ്രൂപ്പിലെ വ്യക്തികൾക്ക് 25,000 വീതം) ഏതാണോ കുറവ് ആ തുക സബ്സിഡിയായി നൽകുന്നു. പ്രോജക്ട് ചെലവിന്റെ 5% സ്വയം സ്വരൂപിക്കേണ്ടതും ശേഷിച്ച 75% ദേശസാൽകൃത ബാങ്കുകളിൽ നിന്നോ ധനകാര്യ സ്ഥാപനങ്ങളിൽനിന്നോ സംരംഭകർ സ്വരൂപിക്കേണ്ടതുമാണ്. കൂട്ടായ സംരംഭത്തിന് ഏറ്റവും കുറഞ്ഞത് 6 പേരും കൂടിയത് 15 പേരും ആകാം. വ്യക്തി ആരംഭിക്കുന്ന പരമാവധി 2.50 ലക്ഷം രൂപവരെയുള്ള പ്രോജക്ടുകൾ ധനസഹായത്തിനായി പരിഗണിക്കുന്നതാണ്.

കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വിവിധ സ്വയംതൊഴിൽ പദ്ധതികൾ നടപ്പാക്കുന്നു. ബാങ്കുകൾവഴി മാർജിൻമണി ഡെപ്പോസിറ്റ് പദ്ധതിയും മാർജിൻമണി ലോൺ പദ്ധതിയും നടപ്പാക്കുന്നു.

അനുബന്ധം - III

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 5 (3134) കാണുക]

(1) കൃഷിഭൂമിവായ്പ - ലഭിച്ച അപേക്ഷകൾ

ജില്ലയുടെ പേര്	ലഭിച്ച അപേക്ഷകളുടെ എണ്ണം
തിരുവനന്തപുരം	3042
കൊല്ലം	1298
കോട്ടയം	1263

LIBRARY ARCHIVES Kerala Legislative Assembly